**കേരള സർക്കാർ**

**സംഗ്രഹം**

എയ്ഡഡ് സ്കൂൾ - ഡിവിഷൻ കുറവ് മൂലം തസ്തിക നഷ്ടപ്പെട്ട് അദ്ധ്യാപക പാക്കേജിന്റെ ഭാഗമായി ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിയമിക്കപ്പെട്ട അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ (കൈ) നം.119 /2018/പൊവിവ     തിരുവനന്തപുരം, തീയതി 23/08/2018**

---

പരാമർശം:-
1. സ.ഉ (പി) നം. 199/2011/പൊവിവ തീയതി 1-11-2011
2. സർക്കുലർ നം.45393/ജെ2/12/പൊവിവ തീയതി 1/8/12
3. സ.ഉ (പി) നം. 213/15/പൊവിവ തീയതി 6/8/15
4. സ.ഉ (പി) നം. 29/16/പൊവിവ തീയതി 29/1/16
5. സ.ഉ(പി) നം.199/16/പൊ.വി.വ തീയതി 3/12/2016

**ഉത്തരവ്**

1997 ജൂലായ് 15 നോ അതിനു ശേഷമോ എയ്ഡഡ് സ്കൂൾ സർവീസിൽ പ്രവേശിക്കുകയും തുടർന്ന് ഡിവിഷൻ കുറവ് മൂലം തസ്തിക നഷ്ടപ്പെട്ട് സംരക്ഷണാനുകൂല്യമില്ലാതെ പുറത്ത് പോകേണ്ടി വരുകയും ചെയ്ത അദ്ധ്യാപകരെ പരാമർശം (1) പ്രകാരം അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി സർവ്വ ശിക്ഷ അഭിയാൻ (എസ്.എസ്.എ) യ്ക്ക് കീഴിൽ ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിയമിച്ചിരുന്നു. ഇങ്ങനെ നിയമിച്ച അദ്ധ്യാപകർക്ക് സംരക്ഷണാനുകൂല്യം നൽകിയിരുന്നില്ല. ശമ്പള സ്കെയിലിന്റെ തുടക്കത്തിലുള്ള ശമ്പളം മാത്രമാണ് എസ്.എസ്.എ വഴി നൽകിയിരുന്നത്. ക്ലസ്റ്റർ കോ-ഓർഡിനേറ്ററായി പുനർവിന്യസിക്കപ്പെട്ടവർ എല്ലാതരം ലീവിനും സേവനാനുകൂല്യങ്ങൾക്കും റഗുലർ അദ്ധ്യാപകരെ പോലെ തന്നെ യോഗ്യരാണെന്ന് പരാമർശം (2) സർക്കുലർ പ്രകാരം വ്യക്തമാക്കിയിരുന്നെങ്കിലും ,ടീച്ചേഴ്സ് പാക്കേജും അനുബന്ധ ഉത്തരവുകളും പരാമർശം (3) പ്രകാരം പിൻവലിച്ചതോടെ പരാമർശം (2) സർക്കുലറിനും പ്രസക്തി നഷ്ടപ്പെടുകയുണ്ടായി. തുടർന്നാണ് ഇത്തരത്തിൽ ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിയമിക്കപ്പെട്ടവർക്ക് ഉത്തരവ് തീയതി മുതൽ സംരക്ഷണാനുകൂല്യം നല്കി, പരാമർശം (4)പ്രകാരം ഉത്തരവായത്. അതിനനുസരിച്ച്, പരാമർശം (5) ഉത്തരവിൻ പ്രകാരം രൂപീകൃതമായ ടീച്ചേഴ്സ് ബാങ്കിലുൾപ്പെട്ട് പുനർവിന്യസിക്കപ്പെടുമ്പോൾ , ഇവരുടെ മുൻ സേവനകാലം, അതായത്, തസ്തിക നഷ്ടപ്പെട്ട് പുറത്തു നിന്ന കാലം, ക്ലസ്റ്റർ കോ-ഓർഡിനേറ്ററായി ജോലി ചെയ്ത കാലം, സംരക്ഷണം ലഭിച്ച ശേഷം അദ്ധ്യാപക തസ്തികയിൽ പുനർവിന്യസിക്കപ്പെടുന്നതുവരെയുള്ള കാലം എന്നിവ ക്രമീകരിക്കേണ്ടതുണ്ടെന്നും സ്കെയിലിന്റെ തുടക്കത്തിലുള്ള ശമ്പളം മാത്രമാണ് ഇവർക്ക് ലഭിക്കുന്നതെന്നതിനാൽ ഇവരുടെ സേവന-വേതന വ്യവസ്ഥകൾ , ഇൻക്രിമെൻറ് ഉൾപ്പെടെ പുതുക്കി നിശ്ചയിക്കേണ്ടതുണ്ടെന്നും സർക്കാർ കണ്ടു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു.എയ്ഡഡ് സ്കൂൾ സർവീസിൽ പ്രവേശിച്ച് ഡിവിഷൻ കുറവ് മൂലം തസ്തിക നഷ്ടപ്പെട്ട് അദ്ധ്യാപക പാക്കേജിന്റെ ഭാഗമായി ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിയമിക്കപ്പെട്ട അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് താഴെ പറയുന്ന പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. എസ്.എസ്.എ പദ്ധതിക്ക് കീഴിൽ ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി പ്രവർത്തിച്ച വരുന്ന റിട്രഞ്ചഡ് അദ്ധ്യാപകരെ പരാമർശം (4) ഉത്തരവിന്റെ പരിധിയിൽപ്പെടുത്തി 29/01/2016-മുതൽ സംരക്ഷണാനുകൂല്യം നൽകി പുനർവിന്യസിക്കപ്പെട്ടതായി കണക്കാക്കുകയും, റിട്രഞ്ച് ചെയ്യപ്പെടുന്നതിന് മുൻപ് അദ്ധ്യാപക തസ്തികയിൽ ജോലി ചെയ്തിരുന്ന കാലയളവ് കൂടി പരിഗണിച്ച്, 29/01/2016 മുതൽ ജോലിയിൽ പുന:പ്രവേശിച്ചതായി കണക്കാക്കി ചട്ടപ്രകാരം സേവന വേതന ആനുകൂല്യങ്ങൾ അനുവദിക്കേണ്ടതാണ്.
2. റിട്രഞ്ച് ചെയ്യപ്പെട്ട തീയതി മുതൽ ക്ലസ്റ്റർ കോ-ഓർഡിനേറ്ററായി ചുമതലയേൽക്കുന്നത് വരെയുള്ള കാലയളവ് ശൂന്യവേതനാവധി ആയി പരിഗണിച്ച് റഗുലറൈസ് ചെയ്യേണ്ടതാണ്.
3. ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി ചുമതലയേറ്റ തീയതി മുതൽ 28/01/2016-വരെയുള്ള കാലയളവ് സേവനഭംഗം ഒഴിവാക്കുന്നതിനായി നോൺ ഡ്യൂട്ടിയായി കണക്കാക്കേണ്ടതാണ്.
4. 29-1-16 മുതൽ ഇവർ സംരക്ഷണത്തിന് അർഹരായതിനാൽ ,പരാമർശം (5) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം പുനർവിന്യസിക്കപ്പെടുന്നത് വരെയുള്ള ശമ്പളം, SSA വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എ.ഷാജഹാൻ
സെക്രട്ടറി

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പൊതു ഭരണ (എസ്.സി) വകുപ്പ്
ധനകാര്യ വകുപ്പ് ( 23-6-18 ലെ 754493/എജ്യൂക്കേഷൻ എ 2/54/2018/ധന അനൗദ്യോഗിക റിമാർക്സ് പ്രകാരം)
പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ് (പ്രസ്സ് റിലീസ് / വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
പൊതു വിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും ഓഫീസർമാർക്കും
കരുതൽ ഫയൽ / ഓഫീസ് കോപ്പി